(ബി) ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര സംഘങ്ങൾ വീതം പ്രവർത്തിച്ചുവരുന്നുവെന്നും എത്രപേർ ജോലിചെയ്യുന്നുവെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ ഖാദിബോർഡിന്റെ കീഴിൽ 15 ഖാദി സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ഇവയെല്ലാം ഇപ്പോൾ പ്രവർത്തനരഹിതമാണ്. ആയതിനാൽ ഈ ഖാദി സ്ഥാപനങ്ങളിൽ ഇപ്പോൾ ആരും ജോലി ചെയ്യുന്നില്ല. എന്നാൽ തലക്കുളത്തൂർ, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ബോർഡിന്റെ ഡിപ്പാർട്ടുമെന്റൽ ഖാദി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

സെറിഫെഡിനെ സേവന മേഖലയിലേക്ക് മാറ്റാൻ നടപടി

173 (4608) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സെറിഫെഡിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജീവനക്കാർക്ക് ശമ്പളം ലഭിക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കാമോ ; ശമ്പളം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഫീൽഡ് സ്റ്റാഫ് അടക്കം എത്രപേരാണ് കാസർഗോട്ടെ സെറിഫെഡിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സെറിഫെഡിനെ സേവന മേഖലയിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2003 മേയ്, ജൂൺ മാസങ്ങളിലെ ശമ്പളം കുടിശ്ശികയുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയിനത്തിലോ പദ്ധതിയേതര വിഹിതത്തിലോ ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്ക് വാർഷിക ബഡ്ജറ്റിൽ തുക വകയിരുത്താത്തതുകൊണ്ടാണ് സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാതിരുന്നത്. ശമ്പളം നൽകാൻ അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

(സി) 17 ജീവനക്കാർ.

(ഡി) ഇപ്പോൾ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly